# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

07.02.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. T 3000

## എം.എൽ.എ പ്രാദേശിക വികസന പദ്ധതി പ്രകാരം സ്കൂളുകൾക്ക് അനുവദിച്ച കമ്പ്യൂട്ടറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം എത്ര സ്കൂളുകൾക്കാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തിട്ടില്ല. എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2017-18 വർഷം 4 സ്കൂളുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ച് ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് വിതരണ ഉത്തരവ് നൽകുന്നതാണ്. |
| (ബി) ഇതിൽ എത്ര സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത് കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; ശേഷിക്കുന്ന സ്കൂളുകളിൽ അവ വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതാണ്. |
| (സി) നടപടി ക്രമങ്ങൾ വേഗത്തിലാക്കി സമയബന്ധിതമായി ഇവ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ